# നാട്ടുമൊഴിച്ചന്തം

വട്ടപ്പറമ്പിൽ പീതാംബരൻ



തനിമയുടെ താളം ചോരാത്ത പദങ്ങളാൽ സമ്പന്നമായിരുന്നു മലയാള ഭാഷ. നമ്മുടെ ഗ്രാമങ്ങളിലും ഗോത്രവർഗ സംസ്കൃതിയിലും സജീവമായിരുന്ന ആ ഭാഷാശേഖരം ഇന്ന് ഏറെക്കുറെ വിസ്മൃതമായിക്കഴിഞ്ഞു. പ്രയോഗരാഹിത്യം മൂലം നിഘണ്ടുക്കൾപോലും നാട്ടുഭാഷാപദങ്ങൾ ഉപേക്ഷിച്ചു. മലയാള ഭാഷയുടെ സ്വത്വവും സ്വരൂപവും സ്വകീയമായ ഓജസ്സും വിളിച്ചോതുന്ന നാട്ടുഭാഷാപദങ്ങളുടെയും പ്രയോഗങ്ങളുടെയും നിധിശേഖരമാണ് ഈ നിഘണ്ടു.

ഗ്രന്ഥകാരൻതന്നെ തന്റെ മനോഹരമായ കൈപ്പടയിൽ പകർത്തിയ ഈ അപൂർവപ്രസാധനം കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണ രംഗത്തെ പുതിയ ചുവടുവയ്പാണ്.

വില: ₹ 375/-

SIL-4191

ISBN 978 81-200-4191-2

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

നാട്ടുമൊഴിച്ചന്തം

4M3 PEE/N
CASMTVK
*2008*

വട്ടപ്പറമ്പിൽ പീതാംബരൻ

# നാട്ടുമൊഴിച്ചന്തം

വട്ടപ്പറമ്പിൽ പീതാംബരൻ

2008

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2008 Call No.

This book should be returned on or before the date last given below.

LIBRARY

4M3 PEE/N
CASMTVK
*2008*

Malayalam
Nattumozhichantham
by
Vattapparampil Peethambaran

First Published : February 2017

Type Set at
SIL - DTP Section

Printed at
Mottathil Printers
Changanacherry

Published by
The State Institute of Languages,
Thiruvananthapuram, 695003, Kerala.

© The State Institute of Languages,
Thiruvananthapuram, Kerala. 2017

Copies : 1000

SIL /4191 ISBN - 978-81-200-4191-2

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages at the University level of the Government of India, Ministry of Human Resource Development (Department of Culture) New Delhi.

F.T. 2558

Price : Rs. 375.

# നാട്ടുമൊഴിച്ചന്തം

## വട്ടപ്പറമ്പിൽ പീതാംബരൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം.

# മുഖമൊഴി

ലോകത്തിലെ എല്ലാ ഭാഷകളിലും വായ്മൊഴി ശൈലിയും വരമൊഴിശൈലിയുമുണ്ട്. ആംഗ്യഭാഷ കലരാത്ത വായ്മൊഴിയില്ല. ഈ മൂന്നുതരം ഭാഷകളുടെയും സമന്വയമാണ് എല്ലാ ഭാഷകളും.

ഏതെങ്കിലും ഒരു ഭാഷ പ്രയോഗത്തിലുള്ള ഒരു ദേശത്ത് അതേ ഭാഷയുടെ പല രീതികൾ നിലനില്ക്കുന്നതായിക്കാണാം. ഒരേ ഭാഷയുടെ ഭാഷാന്തരങ്ങൾ. "ആറു നാട്ടിൽ നൂറുഭാഷ" എന്ന ചൊല്ലിനാധാരം ഒരു ഭാഷയിലെ തന്നെ ഈ വൈവിധ്യമാണ്.

മലയാള ഭാഷ സംസാരിക്കുന്ന പ്രദേശത്തും വ്യത്യസ്തമായ വാമൊഴിവഴക്കങ്ങളാണുള്ളത്. ഉച്ചാരണത്തിലും, അതിന്റെ താളത്തിലും, ഊന്നത്തിലും, അർത്ഥത്തിലും, ശൈലീകരണത്തിലും വ്യത്യസ്തത പുലർത്തുന്ന പ്രയോഗരീതിയാണ് മലയാളഭാഷയുടെ വായ്മൊഴിയിൽ കാണാനാവുക. വായ്മൊഴി പ്രയോഗത്തിൽ ശുദ്ധാശുദ്ധ വിവക്ഷ ശരിയല്ല. വായ്മൊഴി ഓരോപ്രദേശത്തെയും ജനതയുടെ ജീവഭാഷയാണ്.

അടിസ്ഥാന വർഗ്ഗത്തിന്റെ ജീവിത വ്യവഹാരങ്ങളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന നമ്മുടെ നാട്ടുമൊഴിയുടെ ചന്തവും ശക്തിയും തിരിച്ചറിയാൻ നമുക്കു പൂർണ്ണമായും കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, വരേണ്യവർഗ്ഗത്തിന്റെ അധീശത്വം നമ്മുടെ ഗ്രാമീണ വായ്മൊഴി രൂപങ്ങളെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്തിരുന്നത് അവയുടെ നാശത്തിനു കാരണമാവുകയും ചെയ്തു.

അധ്യാപനം, പ്രഭാഷണം, സംവാദം തുടങ്ങിയവയിലെ വായ്മൊഴി ശുദ്ധമായിരിക്കുകതന്നെ വേണം. എന്നാൽ നമ്മുടെ നിത്യജീവിതത്തിലെ സംസാരഭാഷയിൽ ഉച്ചാരണ മികവ്, വ്യാകരണനിബദ്ധത, വാക്യശുദ്ധി, പദശുദ്ധി തുടങ്ങിയവ ഉണ്ടായിരിക്കണമെന്ന് ശഠിക്കുന്നതു നന്നല്ല; ഇവ ഉണ്ടാവുന്നതുകൊണ്ടു കുഴപ്പവുമില്ല.

ഓരോ പ്രദേശത്തെയും സംസാര ഭാഷയിൽ നിരന്തരം നിരവധി മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പുതിയ പദങ്ങളും ശൈലികളും കടന്നുവരുന്നതുപോലെ തന്നെ പഴയവ പലതും മരിച്ചുകൊണ്ടുമിരിക്കുകയാണ്.

ഭാഷോത്പത്തിയുടെ കാലം മുതൽ സംസാരഭാഷയിൽ നാം പ്രയോഗിച്ചിരുന്ന ആയിരക്കണക്കിനു പദങ്ങൾ മരിച്ചുകഴിഞ്ഞു.

പുതുതായി ഏറെ പദങ്ങൾ ആ വിടവ് നികഴ്ത്തിയും കഴിഞ്ഞു. എന്നാൽ നിലവിലുള്ളവ മൊത്തം സമാഹരിക്കാനോ സംരക്ഷി- ക്കാനോ നമുക്കായിട്ടില്ല. തലമുറകളുടെ തിരോധാനത്തോടെ മങ്ങി- ടിയുന്ന നാട്ടുഭാഷാപദങ്ങൾ ഏറെയുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടു പോലുള്ള മഹത്തായ സ്ഥാപനങ്ങളുടെ നിരന്തരമായ പ്രവർത്തന- ങ്ങളിലൂടെ അനേകം ഭാഗങ്ങളുള്ള അതി ബൃഹത്തായ ഒരു നാട്ടു- ഭാഷാനിഘണ്ടു മലയാള ഭാഷയ്ക്കു ലഭിക്കുമെന്നു പ്രത്യാശിക്കാം.

നമ്മുടെ ഭാഷയിലെ നാട്ടുമൊഴിച്ചന്തം സമാഹരിക്കാനുള്ള എളിയ ശ്രമത്തിന്റെ ഫലമാണ് ഈ ഗ്രന്ഥം. ഇത് അപൂർണ്ണമാണ്. പൂർണ്ണതയിലേയ്ക്കുള്ള തുടക്കമായി മാത്രം ഇതിനെ കാണുക.

ഗ്രന്ഥകാരന്റെ കൈയക്ഷരത്തിൽത്തന്നെ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് മലയാള ഭാഷയിൽ ആദ്യമായി ഇതായിരിക്കാം. ഈ ആശയം ഡോ. രവിശങ്കർ എസ്. നായരുടേതും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറു ടേതുമാണ്. ആ മാന്യദേഹങ്ങളോട് ഏറെ നന്ദിയുണ്ട്.

ഇതിന്റെ രചനയ്ക്കായി പഴമക്കാരുടെയും പുതുമക്കാരുടെയും സഹകരണമുണ്ടായിട്ടുണ്ട്. അവർക്ക് പ്രത്യേക നന്ദി. ഗുരുതുല്യനായ എന്റെ ജ്യേഷ്ഠൻ പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥ പിള്ളയോടും ഇതിന്റെ പ്രസിദ്ധീകരണച്ചുമതല ഏറ്റെടുത്ത കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ മാന്യമിത്രങ്ങളോടുമുള്ള നന്ദി അറിയിച്ചുകൊണ്ട് മലയാള ഭാഷയെ സ്നേഹിക്കുന്നവർ- ക്കായി 'നാട്ടുമൊഴിച്ചന്തം' സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

നെടുമങ്ങാട്,
12. 06. 2016.

വട്ടപ്പറമ്പിൽ പീതാംബരൻ.

# സങ്കേതസൂചി.

| | |
|---|---|
| ആ.വാ.ഭാ. | – ആദിവാസിഭാഷ. |
| ഇ.ഭാ. | – ഇസ്ലാമിക ഭാഷ. |
| ഉദാ. | – ഉദാഹരണം. |
| ഏ.വ. | – ഏകവചനം. |
| ക്രി. | – ക്രിയ. |
| ക്രി.ഭാ. | – ക്രിസ്ത്യൻ ഭാഷ. |
| തെ.പ്ര: | – തെക്കൻ പ്രയോഗം. |
| ന.ഭാ. | – നമ്പൂതിരി ഭാഷ. |
| നാ. | – നാമം. |
| നാ.പാ. | – നാടൻ പാട്ട്. |
| നാ.ശൈ | – നാടൻ ശൈലി. |
| പ.മൊ | – പഴമൊഴി. |
| പു.ലി. | – പുല്ലിംഗം. |
| പ്ര. | – പ്രയോഗം. |
| പ്ര.പു.സ.നാ | – പ്രഥമപുരുഷ സർവ്വനാമം |
| വ.പ്ര. | – വടക്കൻ പ്രയോഗം. |
| വ.കാ. | – വർത്തമാന കാലം |
| വി. | – വിശേഷണം. |
| ശ.താ. | – ശബ്ദതാരാവലി |
| ശൈ. | – ശൈലി. |
| ശി.ഭാ. | – ശിശുഭാഷ. |
| സ.നാ. | – സർവ്വനാമം |
| സം. | – സംബോധന. |
| സ്ത്രീ.ലി. | – സ്ത്രീലിംഗം. |